## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5116 — 24.10.2011 ൽ മറുപടിക്ക്

## ഇ-വേസ്റ്റ് നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഇപ്പോൾ ഇലക്ട്രോണിക് വ്യവസായങ്ങളിൽ നിന്നുള്ള ഇലക്ട്രോണിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ട്രാൻസ്ബൌണ്ടറി മൂവ്മെന്റ്) റൂൾസിൽ നിബന്ധനകൾ ഉണ്ട്. ഇ-വേസ്റ്റ് ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതും സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ മെയ് 12, 2011 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നിയമം 2012 മെയ് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരും. ഇലക്ട്രിക്കൽ/ഇലക്ട്രോണിക്ക് ഉപകരണ ഉല്പാദകർ, ബൾക്ക് കൺസ്യൂമർ, ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ നടത്തുന്നവർ, ഡിസ്മാന്റിൽ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നവർ, റീസൈക്കിൾ ചെയ്യുന്നവർ മുതലായവരെ എല്ലാം തന്നെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. ഈ നിയമം സംസ്ഥാനങ്ങളിൽ നടപ്പാക്കേണ്ട ചുമതല പ്രധാനമായും അതാത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്കാണ്. |
| (ബി) | പാഴ് ഇലക്ട്രോണിക് വസ്തുക്കൾ കുന്നുകൂടുന്നത് തടയുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് (Earth Sense Recycle Pvt Limited) എന്ന പേരിൽ ഒരു സ്ഥാപനത്തിന് ഇ-മാലിന്യം ശേഖരിക്കാനും, സൂക്ഷിക്കാനും തുടർന്ന് ബംഗലൂരുവിലെ ഇ-പരിസര എന്ന പേരിലുള്ള ഇ-മാലിന്യ സംസ്ക്കരണ സ്ഥാപനത്തിന് കൈമാറാനും ബോർഡിൽ നിന്നും പ്രവർത്തനാനുമതി/ ആതറൈസേഷൻ 10.02.2010 ന് നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ CTSDF (a consortium under FACT) ഇ-വേസ്റ്റ് ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന് ബോർഡിൽ അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | പാഴ് ഇലക്ട്രോണിക് വസ്തുക്കൾ സംഭരിച്ച് | (സി) | ഇല്ല. 2012 മെയ് 1-ാം തീയതി മുതൽ മാത്രമേ ഇ-വേസ്റ്റ് ചട്ടങ്ങൾ പ്രാബല്യത്തിൽ |

| | | | |
|---|---|---|---|
| | പുനഃചംക്രമണം നടത്താത്ത ഏതെങ്കിലും ഉല്പാദകർക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | ഹരി.കയുള്ളൂ. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ